# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 2, Issue: 01

ജനുവരി 11 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# സ്നേഹവീടൊരുക്കി ഡോൺ ബോസ്കോ കോളേജ്

**ജിഷ്ണ ബാലകൃഷ്ണൻ എം**



*കോളേജ് എൻ എസ് എസ് യൂണിറ്റ് നിർമിച്ച സ്നേഹവീടിന്റ താക്കോൽദാനം പേരാവൂർ എം എൽ എ സണ്ണി ജോസഫ് നിർവ്വഹിക്കുന്നു.*

അങ്ങാടിക്കടവ്: ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജ് എൻ എസ് എസ് യൂണിറ്റ് നിർധന കുടുംബത്തിനുവേണ്ടി നിർമിച്ച സ്നേഹവീട് കൈമാറി. എൻ എസ് എസ് യൂണിറ്റ് സ്നേഹവീട് പദ്ധതി പ്രകാരം നിർമിച്ച നാലാമത്തെ വീടിന്റെ താക്കോൽദാനം ജനുവരി 6 ന് പേരാവൂർ എം എൽ എ സണ്ണി ജോസഫ് നിർവ്വഹിച്ചു.

എടൂർ ആവില സദനിലെ ഫാ. റാപ്സൺ പീറ്ററിന് പ്രദേശത്തെ ഇല്ലിക്കൽ കുടുംബം നിർധനർക്കു നൽകാനായി ആയമുക്കിൽ കൈമാറിയ സ്ഥലത്താണ് വീട് പൂർത്തിയാക്കിയത്. ദാനമായി ലഭിച്ച 12 സെന്റ് സ്ഥലത്തിൽ ആറ് സെന്റ് സ്ഥലമാണ് വീട് നിർമാണത്തിനായി വിട്ട് നൽകിയത്. 600 ചതുരശ്ര അടി വലുപ്പത്തിൽ എട്ട് ലക്ഷം രൂപ ചിലവിൽ നിർമിച്ച വീടിന് രണ്ട് കിടപ്പുമുറികളും, അടുക്കളയും, വർക്ക് ഏരിയയും, സിറ്റ് ഔട്ടുമുണ്ട്.

'സാമ്പത്തിക ബുദ്ധിമുട്ടും കോവിഡ് ലോക്ക്ഡൗണും വെല്ലുവിളി സൃഷ്ടിച്ചെങ്കിലും തളരാതെ ആത്മവിശ്വാസത്തോടെ മുന്നോട്ട് പോവുകയായിരുന്നു. കോവിഡ് നിയന്ത്രണങ്ങൾ ഉണ്ടായതിനാൽ ഷിഫ്റ്റ് അടിസ്ഥാനത്തിലാണ് എൻ എസ് എസ് പ്രവർത്തകർ വീട് പണി പൂർത്തീകരിച്ചത്. പൊതുജനങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും, ധനസമാഹരണത്തിനായി കേക്ക്, പായസം ചലഞ്ചുകൾ നടത്തിയും കൂപ്പൺ പിരിവെടുത്തുമാണ് തുക സമാഹരിച്ചത്. 6 ലക്ഷം രൂപ വിദ്യാർഥികൾ സമാഹരിച്ചു, ഒന്നര ലക്ഷം രൂപയോളം അധ്യാപകരും അൻപതിനായിരം രൂപയോളം മാനേജ്മെന്റും നൽകി'. എൻ. എസ്. എസ് പ്രോഗ്രാം കോഡിനേറ്റർ ജിഷ ഇ പറഞ്ഞു.

കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. രാഖി രാഘവൻ, ഡി എസ് എസ് ഡോ. നലീഫ ബേബി, കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട്, മാനേജർ ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## സ്നേഹം വീടായ കഥ

**സെബിമോൾ കെ വർഗ്ഗീസ്**

ചില യാത്രകൾ അങ്ങനെയാണ്, നമ്മുടെ ജീവിതം തന്നെ മാറ്റിമറിച്ചേക്കാം. അങ്ങനെ ഒരു യാത്രയാണ് ജീനയുടെയും (യഥാർത്ഥ പേരല്ല) മക്കളുടെയും ജിവിതത്തിൽ വഴിത്തിരിവായത്. ചെറുപുഴയിലേക്കുള്ള യാത്രയ്ക്കിടെ കണ്ടുമുട്ടിയ ലൂസി ജോർജ് എന്ന സഹയാത്രികയുടെ അനുകമ്പയാണ് ഈ കഥയ്ക്ക് തുടക്കം കുറിച്ചത്. ഭർത്താവിന്റെ പീഡനങ്ങൾ സഹിക്കവയ്യാതെ രണ്ടു കുഞ്ഞുങ്ങളുമായി വീട് വിട്ടിറങ്ങിയ അവൾക്ക് മുന്നിൽ ജീവിതം വല്ലാത്ത ഒരു ശൂന്യതയായിരുന്നു.

സഹയാത്രികയുടെ കഥ കേട്ട ലൂസി ജോർജ് അവരെയും കൂട്ടി ആവില സദനിലെ ഫാ. റാപ്സൺ പീറ്ററിന്റെ അടുത്തെത്തി. ജീവകാരുണ്യം ജീവിത നിയോഗമായി കണ്ട ആ വൈദീകൻ ദാനമായി ലഭിച്ച 12 സെന്റ് സ്ഥലത്തിൽ ആറ് സെന്റ് സ്ഥലം വീടിനായി നൽകി.

സ്ഥലം ലഭിച്ചെങ്കിലും ഒരു വീടു പണിതുയർത്താനുള്ള സാമ്പത്തിക സാഹചര്യങ്ങൾ ഉണ്ടായിരുന്നില്ല. അപ്പോഴാണ് ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജ് അങ്ങാടിക്കടവിലെ എൻ എസ് എസ് യൂണിറ്റ് ഈ സ്വപ്നം ഏറ്റെടുത്തത്. അങ്ങനെ തങ്ങളുടെ നാലാമത്തെ സ്നേഹവീട് നിർമാണത്തിനു അവർ തുടക്കം കുറിച്ചു.

കോവിഡ് ഉയർത്തിയ വെല്ലുവിളികൾ ശക്തമായിരുന്നു. നിർമാണ പ്രവർത്തനങ്ങൾ പലപ്പോഴും നിർത്തിവെക്കേണ്ടി വന്നു. പണം കണ്ടെത്തുന്നതിനായി ഇവർ തെരുവിലിറങ്ങി. പായസ ചലഞ്ചും കേക്ക് ചലഞ്ചും നടത്തി.സഹായവുമായി നാട്ടുകാരും ഒപ്പം കൂടി.

ദീർഘ നാളത്തെ കാത്തിരിപ്പിനൊടുവിൽ നിർമാണം പൂർത്തിയാക്കി ജനുവരി ആറാം തിയ്യതി സ്നേഹവീട് കൈമാറി. കഥ ഇവിടെ അവസാനിക്കുമ്പോൾ ജീനയും മക്കളും എല്ലാവരും ഹാപ്പി. കലർപ്പില്ലാത്ത സ്നേഹത്തിന്റെ രുചിക്കൂട്ടായി സ്നേഹവീട്.

15 - 18 വയസ്, ആദ്യഡോസ്

# വാക്സിനേഷൻ പൂർത്തിയായി

**ജോജോ കെ ജെ**



*പി എച്ച് സിയിൽ 15 മുതൽ 18 വരെ പ്രായമായവർക്കുള്ള ആദ്യഡോസ് വാക്സിനേഷൻ സ്വീകരിക്കുന്ന വിദ്യാർത്ഥിനി.*

അങ്ങാടിക്കടവ് പി എച്ച് സിയിൽ 15 മുതൽ 18 വരെ പ്രായമായവർക്കുള്ള ആദ്യഡോസ് വാക്സിനേഷൻ പൂർത്തിയായി. ജനുവരി നാലു മുതൽ പത്താം തിയതിവരെ 512 കുട്ടികൾ വാക്സിൻ സ്വീകരിച്ചു. പി എച്ച് സി പരിധിയിൽ നിലവിലുള്ള 650 ഓളം കുട്ടികളിൽ പഠനത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി പുറത്ത് പോയവരും അലർജിയും മറ്റുമുള്ളവരുമൊഴികെ ബാക്കിയുള്ള കുട്ടികളാണ് വാക്സിൻ സ്വീകരിച്ചത്.

'ആദ്യ ദിവസം ഓൺലൈൻ ബുക്കിംഗിലൂടെയാണ് സ്ളോട്ടുകൾ നല്കിയതെങ്കിലും പിന്നീടുള്ള ദിവസങ്ങളിൽ സ്പോട്ട് ബുക്കിംഗും അനുവദിച്ചു. വാക്സിൻ എടുത്ത ആർക്കും ഇതുവരെ പാർശ്വഫലങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല'. ഹെൽത്ത് ഇൻസ്പെക്ടർ വി വി രാജേഷ് പറഞ്ഞു.

## അറിയിപ്പ്

റിംഗ് കമ്പോസ്റ്റിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ റേഷൻ കാർഡ് കോപ്പി, ആധാർ കോപ്പി, വീടിന്റെ കരം അടച്ച കോപ്പി, ഹരിത കർമ്മ സേനക്ക് പണം കൊടുത്ത രസീതിന്റെ കോപ്പി, ഗുണഭോക്തൃവിഹിതം 250 രൂപ എന്നിവ വെള്ളിയാഴ്ച്ചക്കുള്ളിൽ ( 14/01/2022 ) വി.ഇ.ഒ. കൈവശം കൊടുക്കുക.

# തളരാത്ത മോഹന പുഞ്ചിരി

**ശാനിബ ടി**

ജീവിതം പലയാവർത്തി ദുരിത കയത്തിലേക്ക് വീണുപോയിട്ടും തളരാതെ പതറാതെ കുതിച്ചു കയറിയ ഒരുപാട് പോരാളികളുണ്ട്. അതിലൊരാളാണ് അങ്ങാടിക്കടവുകാരുടെ സ്വന്തം മോഹനേട്ടൻ. അങ്ങാടിക്കടവ് ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന അമ്പിളി ഹോട്ടലിന്റെ ഉടമ. ഇരു വൃക്കകളും തകരാറിലായതിനെ തുടർന്ന് രണ്ടരകൊല്ലത്തോളം ഡയാലിസിസിനും വൃക്കമാറ്റ ശസ്ത്രക്രിയയ്ക്കും വിധേയനാവേണ്ടി വന്ന മോഹനേട്ടന്റെ ജീവിതത്തിൽ പിന്നീട് വിധി വില്ലനായി എത്തിയത് കൊറോണയുടെ രൂപത്തിൽ. എന്നിട്ടും പതറിയില്ല. നേരിട്ട ഓരോ വെല്ലുവിളികളെ കുറിച്ച് സംസാരിക്കുമ്പോഴും മുഖത്ത് സങ്കടമോ പരിഭവമോ അല്ല മറിച്ച് എല്ലാത്തിനോടും പൊരുതി ജയിച്ച പോരാളിയുടെ ഭാവമാണ്.



ചരളിൽ നെടിയമ്പുറത്ത് വീട്ടിൽ സുബ്രഹ്മണ്യന്റെയും സരോജിനിയുടെയും ഏഴ് ആൺമക്കളിൽ രണ്ടാമനായി 1966-ൽ ജനിച്ച മോഹനേട്ടൻ കുട്ടിക്കാലം തൊട്ടേ അച്ഛന്റെ ഹോട്ടലിൽ സഹായിയായിരുന്നു. 'രാവിലെ ഹോട്ടലിലേക്കുള്ള വെള്ളം കോരിയും മറ്റു പണികളിൽ സഹായിച്ചതിനും ശേഷമാണ് സ്കൂളിൽ പോയിരുന്നത്. എന്നാൽ വീട്ടിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം നാലാം തരത്തിൽ പഠനം അവസാനിപ്പിക്കേണ്ടി വന്നു. ഓർമ്മ വെച്ച നാളു മുതൽ ഹോട്ടലായിരുന്നു ജീവിതം. ഹോട്ടലിലെ ജോലി കൂടാതെ വാഴകൃഷിയും ഇഞ്ചി കൃഷിയും കശുവണ്ടി പെറുക്കി വിൽക്കുകയും ആടുമാടുകളെ വളർത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ കായിക രംഗത്തോ കലാസാഹിത്യ മേഖലകളിലോ ഏർപ്പെടാൻ അവസരം കിട്ടിയിരുന്നില്ല'. കുട്ടിക്കാലം ഓർത്തെടുത്ത് മോഹനേട്ടൻ പറഞ്ഞു.

അച്ഛന്റെ കാലത്ത് ചരളിൽ നടത്തിയ ഹോട്ടൽ കിളിയന്തറയിലേക്കും പിന്നീട് അങ്ങാടിക്കടവിലേക്കും മാറ്റി. 30 ാം വയസ്സിൽ കല്ല്യാണം, എടൂർ കുമ്പളക്കുടി വിനുവിനെ ജീവിതപങ്കാളിയായി കൂടെക്കൂട്ടിയിട്ട് 25 വർഷമാവുന്നു. രണ്ടു മക്കൾ.

കുടുംബത്തിന്റെ ഏക ആശ്രയമാണ് അമ്പിളി ഹോട്ടൽ. 34 വർഷമായി അങ്ങാടിക്കടവുകാർക്ക് സുപരിചിതമായ ഹോട്ടൽ ആദ്യകാലത്ത് കോളേജിലെയും ഹോസ്റ്റലിലെയും കുട്ടികളുടെ കേന്ദ്രമായിരുന്നു. പീന്നീട് കോളേജ് കാന്റീനും മറ്റു കടകളും വന്നതോടെ ഊണു നൽകിയിരുന്ന ഹോട്ടൽ ചായയും കടികളുമായി ലഘൂകരിച്ചു. എങ്കിലും ബന്ധം പുതുക്കാനും രുചി നുകരാനും ഹോട്ടലിൽ എത്തുന്നവർ നിരവധിയാണ്.

ഹോട്ടൽ ജീവിതം സുഗമമായി മുൻപോട്ട് പോകുമ്പോഴായിരുന്നു ആരോഗ്യപ്രശ്നങ്ങൾ തലപൊക്കിയത്, അമിതപ്രമേഹവും വൃക്കരോഗവും. അഞ്ചുവർഷത്തോളം വരുന്ന ചികിത്സയും ആഴ്ചയിൽ രണ്ടു തവണവീതം പരിയാരം മെഡിക്കൽ കോളേജിൽ രണ്ടര കൊല്ലത്തോളമുള്ള ഡയാലിസിസും മോഹനേട്ടനേയും കുടുംബത്തേയും സാമ്പത്തികമായി വലച്ചു. ഇതിനിടയിൽ ആയുർവേദ ചികിത്സ നടത്തുകയും രോഗം മൂർച്ഛിച്ച് വൃക്ക മാറ്റിവെക്കേണ്ട അവസ്ഥയിലേക്ക് എത്തുകയും ചെയ്തു.

ദിവസവുമുള്ള ഒൻപത് ഗുളികകളും മൂന്നുനേരത്തെ ഇൻസുലിനുമാണ് ജീവിതം മുൻമ്പോട്ട് കൊണ്ടുപോകുന്നത്. ചികിത്സയുടെ ആദ്യ ഒരു വർഷം 30,000 ആയിരുന്നു ചിലവ്. ഇപ്പോൾ ചെക്കപ്പ് അടക്കം 13,000 രൂപ വേണം. ഏഴ് സെന്റ് സ്ഥലത്ത് 17 വർഷം മുൻപ് പണികഴിപ്പിച്ച വീടിന്റെ ലോൺ ഇതുവരെ അടച്ചു തീർന്നിട്ടില്ല.

ദുരിതങ്ങൾ ഏറെയാണ് എങ്കിലും മോഹനേട്ടൻ തളരില്ല. ' എന്നെ ഇതുവരെ കൈപിടിച്ചു നടത്തിയത് ഈ നാട്ടുകാരാണ്. ഇപ്പോഴും സഹായങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ചികിത്സയും ലോണടവും ഒരുമിച്ച് കൊണ്ടുപോവാൻ പലപ്പോഴും കഴിയാത്ത അവസ്ഥയാണ്. എങ്കിലും ഇപ്പോഴുള്ള ജീവിതത്തിൽ സന്തോഷവാനാണ്. മനോധൈര്യവും ദൈവത്തിൽ വിശ്വാസവുമുണ്ടെങ്കിൽ ഏത് വെല്ലുവിളികളേയും അതിജീവിക്കാം. അതിന്റെ തെളിവാണ് എന്റെ ജീവിതം'. പുഞ്ചിരിയോടെ മോഹനേട്ടൻ പറഞ്ഞു നിർത്തി.

## എഡിറ്റോറിയൽ

# പ്രതീക്ഷയോടെ പുതുവർഷം

ഏതൊരു പുതുവർഷവും എന്ന പോലെ നിരവധി പ്രതീക്ഷകളും പേറിക്കൊണ്ടാണ് 2022 ന്റെയും കടന്നു വരവ്. കോവിഡ് മഹാമാരി സൃഷ്ടിച്ച ഭീതിക്കിടയിലും പ്രത്യാശ കൈവിടാതെ പുതിയ ജീവിതത്തിനായി ലോകം തയ്യാറെടുക്കുകയാണ്. ജീവന്റെ മൂല്യം ഏറ്റവും കൂടുതൽ തിരിച്ചറിഞ്ഞ സമയമാണ് കോവിഡ് കാലഘട്ടം. സ്വജീവനെ പോലെ തന്നെ മറ്റുള്ളവരുടെ ജീവനും ജീവിതത്തിനും പ്രാധാന്യം നൽകുന്ന മനുഷ്യരുമുണ്ട് നമ്മുടെ സമൂഹത്തിൽ എന്ന് കൂടുതൽ തിരിച്ചറിഞ്ഞ കാലം. മനസ്സിന്റെ നൈർമല്യത നഷ്ടപ്പെടാത്ത ഇത്തരം ആളുകളുടെ ഇടപെടലുകളാണ് പുതുവർഷത്തിലെ പ്രതീക്ഷകളിലൊന്ന്.

ജീവിതം മടുത്ത്, കരഞ്ഞുകൊണ്ട് ബസ്സിൽ കയറിയ അമ്മയുടെയും മക്കളുടെയും ജീവിതത്തിൽ പ്രതീക്ഷയായി മാറിയത് ലൂസി ജോർജിന്റെ സാന്ത്വനമാണ്. പ്രതീക്ഷയുടെ ആ നുറുങ്ങുവെട്ടം സ്നേഹവീടിലൂടെ അവരുടെ ജീവിതത്തിലെ വെളിച്ചമായി മാറി. ഡോൺ ബോസ്കോ കോളേജ് എൻ എസ് എസ് യൂണിറ്റും അനേകം സുമനസ്സുകളും ഒന്നിച്ചപ്പോൾ അമ്മക്കും മക്കൾക്കും തിരികെ ലഭിച്ചത് പുത്തൻ ജീവിതവും മനുഷ്യത്വത്തിലുള്ള വിശ്വാസവും ആണ്.

കേരള - കർണാടക സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന കൂട്ടുപുഴ പുതിയ പാലം ഉടൻ ഗതാഗതയോഗ്യമാകുമ്പോൾ ഇരുസംസ്ഥാനങ്ങളിലേയും വ്യാവസായിക സാംസ്കാരിക മേഖല വളർച്ച കൈവരിക്കും. പരസ്പരാശ്രയത്വം ഊഷ്മളമാവും, മനുഷ്യരൊന്നിക്കും. ഇതൊരു ശുഭപ്രതീക്ഷയാണ്. അതിർത്തി വരമ്പുകൾക്കുമപ്പുറം സംജ്ജാതമാകുന്ന സഹവർത്തിത്വത്തിന്റെ ശുഭപ്രതീക്ഷ.

നമുക്ക് ചുറ്റുമുള്ളവരുടെ ജീവിതത്തിൽ പ്രതീക്ഷയുടെ നാളമാകാൻ കഴിഞ്ഞാൽ അതാണ് നമ്മുടെ കരുത്ത്. ആവശ്യഘട്ടങ്ങളിൽ സഹായിക്കാനും ആപത്ത് കാലത്ത് കരുത്ത് പകരാനും അവരെ നമ്മളിലൊരാളായി കാണാനും കഴിയുന്നിടത്താണ് മാനവരാശിയുടെ വിജയം.

- എഡിറ്റർ

## ഏഴാംകടവ്

# മിനി ഹൈഡ്രോ വൈദ്യുത പദ്ധതിക്ക് തുടക്കമായി

**എലിസബത്ത് ടി സാബു**



*ഏഴാംകടവ് മിനി ഹൈഡ്രോ വൈദ്യുത പദ്ധതി പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു.*

ഉരുപ്പുംകുറ്റി : അയ്യൻകുന്ന് പഞ്ചായത്തിലെ ഏഴാംകടവിൽ ബാരാപോൾ ജലവൈദ്യുത പദ്ധതിക്ക് സമാനമായ മിനി ഹൈഡ്രോ വൈദ്യുത പദ്ധതിക്ക് തുടക്കം കുറിച്ചു. സ്യൂസോ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ കമ്പനിക്കാണ് പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്വം. ആറുമാസത്തിനുള്ളിൽ ജോലികൾ പൂർത്തീകരിച്ച് പദ്ധതി പ്രവർത്തനക്ഷമമാകും.

എനർജി മാനേജ്മെന്റ് സെന്റർ (ഇ എം സി), കെ എസ് ഇ ബി, ജലസേചന വകുപ്പ് എന്നിവയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി അനുമതി ലഭിച്ച സ്യൂസോ കമ്പനി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗ്രീൻ എനർജി കാറ്റെഗറിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

കർണ്ണാടകത്തിലെ മടത്തോട് നിന്നാരംഭിച്ച് ആനപ്പന്തി പുഴയിൽ അവസാനിക്കുന്ന കുണ്ടൂർ തോടിനു കുറുകെ തടയണ കെട്ടി ശേഖരിക്കുന്ന ജലം പെൻസ്റ്റോക്ക് പൈപ്പിലൂടെ ഒഴുക്കി ടർബൈൻ പ്രവർത്തിപ്പിച്ചാണ് വൈദ്യുതി ഉത്പാദിപ്പിക്കുന്നത്. അതിനു ശേഷം ജലം പുഴയിലേക്ക് തന്നെ ഒഴുക്കിവിടുന്ന രീതിയിലാണ് പദ്ധതിയുടെ രൂപകല്പന. ഒരു ദിവസം 350 കിലോവാട്ട് വൈദ്യുതിയാണ് ഇത്തരത്തിൽ പ്രവർത്തിപ്പിക്കാനാവുക.

'ജലവൈദ്യുത പദ്ധതികൾക്കാവശ്യമായ അനുവാദങ്ങളും രൂപരേഖകളും തയ്യാറാക്കി നൽകുന്ന കൺസൾട്ടൻസിയാണ് സ്യൂസോ എനർജി എന്ന സ്വകാര്യ കമ്പനി. കേരളത്തിൽ ഇടുക്കി, കോഴിക്കോട് ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ കമ്പനിയുടെ മേൽനോട്ടത്തിൽ ചെറുകിട വൈദ്യുത പദ്ധതികൾ നടക്കുന്നുണ്ട്. ഏഴാംകടവിലെ വൈദ്യുത പദ്ധതി അതിന്റെ ആദ്യ ഘട്ടത്തിലാണ്. പദ്ധതി നടത്തിപ്പിനായി തോമസ് മുയ്യപ്പള്ളിൽ എന്ന സ്വകാര്യ വ്യക്തിയുടെ സ്ഥലം കമ്പനി വാങ്ങിച്ചിട്ടുണ്ട്'. കമ്പനിയുടെ ഡയറക്ടർമാരിൽ ഒരാളായ വിജേഷ് സനൂപ് പറഞ്ഞു.

'വർഷകാലത്ത് തോട്ടിലൂടെ ഒഴുകി പോകുന്ന ജലം ശേഖരിച്ച് വൈദ്യുതി ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ നാടിന് അനിവാര്യമാണ്. പാരിസ്ഥിതിക ആഘാതങ്ങൾ ഇല്ലാത്ത ഇത്തരം പദ്ധതികൾ പ്രോൽസാഹിപ്പിക്കപ്പെടണം'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

# തടയണകൾ നിർമിച്ച് എൻ എസ് എസ് വിദ്യാർത്ഥികൾ

**അനഘ കെ ടി**

അങ്ങാടിക്കടവ് : ജലസേചനത്തിനായി കുണ്ടൂർ തോടിൽ എൻ എസ് എസ് വോളണ്ടിയേഴ്സ് തടയണകൾ നിർമിച്ചു.

'ഒപ്പരം 2021' സപ്തദിന ക്യാമ്പിന്റെ ഭാഗമായി ഡോൺ ബോസ്കോ കോളേജ് എൻ എസ് എസ് പ്രോഗ്രാം കമ്മിറ്റി ഓഫീസറായ ജിഷ രാമകൃഷ്ണന്റെ നേതൃത്വത്തിലായിരുന്നു പ്രവൃത്തി. എഴുപതോളം വോളണ്ടിയേഴ്സ് നാല് ഗ്രൂപ്പുകളായി തിരിഞ്ഞ് നൂറ് മീറ്റർ ഇടവിട്ട് നാല് തടയണകൾ നിർമിച്ചു. പ്ലാസ്റ്റിക്ക് ഒഴിവാക്കി പുഴ പൂർണമായും വൃത്തിയാക്കിയ ശേഷം പുഴയിലെ കല്ലുകൾ ഉപയോഗിച്ചാണ് തടയണ നിർമാണം പൂർത്തിയാക്കിയത്. 'തടയണ നിർമാണത്തിലൂടെ പുഴയിൽ വെള്ളം സംഭരിക്കാൻ സാധിച്ചു. പ്രദേശവാസികൾക്ക് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ഇത് സഹായകരമാവും'. ജിഷ രാമകൃഷ്ണൻ പറഞ്ഞു.

# സോക്കർ 9 അക്കാദമിക്ക് ഇരട്ടി മധുരം



**നിതിൻ സി ജോസഫ്**

അഞ്ചാമത് സംസ്ഥാന അണ്ടർ - 14 മിനി നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ അങ്ങാടിക്കടവ് സോക്കർ 9 അക്കാദമിക്ക് നേട്ടം.

കൊല്ലം പാരിപ്പള്ളിയിൽ വച്ച് ഈ മാസം എട്ട്, ഒൻപത് തീയതികളിൽ നടന്ന മത്സരങ്ങളിൽ കണ്ണൂർ ജില്ല ടീം പുരുഷ വനിതാ വിഭാഗങ്ങളിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

അക്കാദമിയിലെ പതിനൊന്ന് കളിക്കാർ ജില്ലാ ടീമിനെ പ്രതിനിധീകരിച്ചിരുന്നു. സെന്തിൽ വാസുദേവൻ, ഷൈജു കെ സെബാസ്റ്റ്യൻ എന്നിവരായിരുന്നു പരിശീലകർ.

പുരുഷ വിഭാഗത്തിൽ മലപ്പുറം ഒന്നാം സ്ഥാനവും ആലപ്പുഴ രണ്ടാം സ്ഥാനവും നേടി. വനിതാ വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ പാലക്കാട് മലപ്പുറം ജില്ലകൾ യഥാക്രമം കരസ്ഥമാക്കി.

# പുതിയ പാലം പുതിയ പ്രതീക്ഷ

**റിയ റോയി**



*കൂട്ടുപുഴ പഴയപാലം*




*കൂട്ടുപുഴ പുതിയപാലം*

കേരള കർണാടക സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന കൂട്ടുപുഴ പുതിയ പാലം യാഥാർത്ഥ്യമാകുന്നു.2018ൽ നിർമാണം ആരംഭിച്ച പാലം തലശ്ശേരി വളവുപാറ കെ എസ് ടി പി പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചാണ് നിർമിച്ചത്. രണ്ടു വർഷം മുൻപ് ബ്രഹ്മഗിരി വനമേഖലയിലുണ്ടായ ഉരുൾ പൊട്ടലിൽ നിർമാണം തടസ്സപ്പെട്ടിരുന്നു.

'ജനുവരി ഒന്നിന് ഉദ്ഘാടനം നിശ്ചയിച്ചിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങൾ മൂലം നീട്ടിവച്ചിരിക്കുകയാണ്. പഴയപാലത്തിന് കാര്യമായ തകരാറുകൾ ഉണ്ടായിരുന്നില്ലെങ്കിലും വീതിക്കുറവും കാലപ്പഴക്കവും മൂലമാണ് പുതിയ പാലം നിർമിക്കാൻ തീരുമാനിച്ചത്. പഴയപാലം പൊളിക്കാതെ ചരിത്രനിർമിതിയായി നിലനിർത്താൻ ആലോചന ഉണ്ടെങ്കിലും നിലവിൽ തീരുമാനമായിട്ടില്ല'. പായം പഞ്ചായത്ത് പ്രസിഡന്റ് പി രജനി പറഞ്ഞു.

'പരിസരത്തെ കച്ചവടക്കാർക്ക് ചെറിയ നഷ്ടങ്ങൾ ഉണ്ടെങ്കിലും പൊതുജനങ്ങൾക്ക് പാലം കൂടുതൽ സൗകര്യപ്രദമാണ്. പഴയ പാലത്തിലൂടെ വലിയ വാഹനങ്ങൾക്ക് പോകുന്നതിന് വലിയ ബുദ്ധിമുട്ടായിരുന്നതിനാൽ ഗതാഗതകുരുക്ക് നിത്യസംഭവമായിരുന്നു. പുതിയപാലം ഇതിന് ശാശ്വത പരിഹാരമാകും'. 46 വർഷമായി പാലത്തിനടുത്ത് കച്ചവടം നടത്തുന്ന ദാസൻ പറഞ്ഞു.

## ചരിത്രമായി പഴയ പാലം

ബ്രിട്ടീഷ് കാലഘട്ടത്തിലെ പ്രധാനപ്പെട്ട സാംസ്കാരിക വ്യാപാരകേന്ദ്രമായിരുന്നു കുടക് ജില്ലയിലെ വീരാജ്പേട്ട്. കണ്ണൂർ കൂട്ടുപുഴ ഭാഗത്ത് നിന്നും മാക്കൂട്ടം ചുരം വഴി 26 കിലോമീറ്റർ അകലെയുള്ള വീരാജ്പേട്ടിലേക്ക് വാണിജ്യ ആവശ്യങ്ങ്യൾക്കും മറ്റും പോകുന്നവരുടെ പ്രധാന ഗതാഗത മാർഗമായിരുന്നു കൂട്ടുപുഴ പാലം. 94 വർഷത്തെ ചരിത്രമുള്ള പാലം ഇന്നും അന്തർസംസ്ഥാന പാതകളിൽ ഏറ്റവും പ്രധാനപ്പെട്ടതും ആയിരക്കണക്കിന് ആളുകൾ ആശ്രയിക്കുന്നതുമാണ്.

വർഷങ്ങൾക്ക് മുൻപ് മേമൻ എന്ന ആദിവാസി യുവാവാണ് തേനും മറ്റ് വനവിഭവങ്ങളും കേരളത്തിലേക്ക് എത്തിക്കാൻ കൂട്ടുപുഴ മുതൽ പെരുമ്പാടി വരെ 27 കിലോമീറ്റർ കാനന പാത ബ്രിട്ടീഷുകാർക്ക് കാണിച്ചുകൊടുത്തത്.

തുടർന്ന് 1928ൽ ബ്രിട്ടീഷ് ഭരണകാലത്ത് ഏണസ്റ്റ് ജെയിംസ് സ്റ്റുവർട്ട് എന്ന എൻജിനിയറുടെ നേതൃത്വത്തിൽ തൂണുകൾ ഇല്ലാതെ നിർമിച്ച പാലത്തിന് 30 മീറ്റർ നീളവും 8 അടി വീതിയുമുണ്ട്.




*For private circulation only*

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: അനിൽ തോമസ് നല്ലൂർ, സോണറ്റ് മാത്യു | എഡിറ്റർ ഇൻ ചാർജ്: നയന എം നായർ | സബ് എഡിറ്റേഴ്സ്: എലിസബത്ത് ടി സാബു, അനഘ കെ ടി, ശാനിബ ടി, സെബിമോൾ കെ വർഗ്ഗീസ്, ജിഷ്ണ ബാലകൃഷ്ണൻ എം | ഫോട്ടോഗ്രാഫേഴ്സ്: റിയ റോയി, ജോജോ കെ ജെ | ഡിസൈൻ: നിതിൻ സി ജോസഫ്